(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

ശ്രീ. സാജു പോൾ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നമ്മുടെ നാട്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രധാനമായും പരിസരമലിനീകരണത്തിന്റെ പ്രശ്നങ്ങളാണ്. പഞ്ചായത്തുകൾ ലൈസൻസുകൾ നൽകുന്ന നിരവധി ചെറുകിട വ്യവസായ സംരംഭങ്ങളും അനേകം സ്ഥാപനങ്ങളുമുണ്ട്. പരിസരമലിനീകരണത്തിന്റെ പേരിൽ ഇത്തരം സ്ഥാപനങ്ങളും പൊതുജനങ്ങളുമായി അനേകം തർക്കങ്ങളും വാദകോലാഹലങ്ങളുമൊക്കെ നടക്കുകയാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ മൂന്നു വർഷത്തേക്ക് ലൈസൻസ് പുതുക്കി കൊടുക്കുന്ന ഒരു സംവിധാനം ഉണ്ടാകുമ്പോൾ സ്വാഭാവികമായിട്ടും ഈ തർക്കങ്ങൾ അല്ലെങ്കിൽ ജനദ്രോഹ നടപടികൾ വീണ്ടും രൂക്ഷമാകാൻ സാധ്യതയുണ്ട്. നിലവിൽ ഒരു വർഷത്തെ കാലാവധി ഉണ്ടായിട്ടുപോലും പല സ്ഥാപനങ്ങളും ഒന്നു രണ്ടു വർഷക്കാലം ലൈസൻസ് ഇല്ലാതെ തന്നെ പ്രവർത്തിക്കുന്നതായി കാണാൻ കഴിയും. ഇത്തരത്തിൽ പരിസരമലിനീകരണം സൃഷ്ടിക്കുന്ന, പൊതുജനങ്ങൾ വളരെയധികം എതിർക്കുന്ന അനേകം സ്ഥാപനങ്ങൾ ഇന്നും പ്രവർത്തിച്ചുവരികയാണ്. ജനങ്ങളാണെങ്കിൽ പഞ്ചായത്തിനു പരാതി കൊടുത്തുകഴിഞ്ഞാൽ നടപടിയുണ്ടാകാത്ത സാഹചര്യത്തിൽ, ഹെൽത്ത് ഡിപ്പാർട്ടുമെന്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇങ്ങനെ നിരവധി സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും പരാതി കൊടുക്കേണ്ട അവസ്ഥയാണുള്ളത്. എന്നാൽ ആ ഏജൻസികൾ തമ്മിൽ ഒരു ഏകോപനം ഇല്ലാത്തതുകൊണ്ട് ഇന്ന് ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. മറ്റൊന്ന് പഞ്ചായത്തുകളിൽ തന്നെ, തദ്ദേശസ്വയംഭരണ സ്ഥാപനം എന്നു പറയുമ്പോഴും ആ പഞ്ചായത്ത് ഭരണ സമിതിക്കല്ല ഇതിന്റെ അധികാരം കൊടുത്തിട്ടുള്ളത്. നമ്മുടെ നിലവിലുള്ള ആക്ട് പ്രകാരം ഈ കാര്യത്തിനു തീരുമാനം എടുക്കുന്നതിനുള്ള അവകാശം സെക്രട്ടറിമാർക്കാണ്. അപ്പോൾ ആ സെക്രട്ടറിമാർതന്നെ അവർക്ക് ഇഷ്ടമുള്ള രീതിയിൽ തീരുമാനമെടുക്കുന്നു. എനിക്കറിയാവുന്ന ഒരു ഗ്രാമപഞ്ചായത്തിൽ ഡെപ്യൂട്ടി ഡയറക്ടർ വിളിച്ചിട്ട് ഒരു സ്ഥാപനം നിർത്തിവയ്ക്കാൻ മെമ്മോ കൊടുക്കാൻ പറഞ്ഞു. ഇതുസംബന്ധിച്ച് ഭരണസമിതിയുമായി ആലോചിക്കാതെ നടപടി എടുത്തതിന്റെ പേരിൽ ആ സെക്രട്ടറിയോട് ആ പഞ്ചായത്ത് പ്രസിഡന്റ് വിശദീകരണം ചോദിച്ച ഒരു സാഹചര്യം ഉണ്ടായി. ഇതിലിപ്പോൾ വളരെ വിവാദപരമായിട്ടുള്ള നിരവധി കാര്യങ്ങളുണ്ട്.

കേരളത്തിൽ വലിയ വാദകോലാഹലങ്ങൾക്ക് ഇടവരുത്തിയ ചന്ദന ഫാക്ടറികൾ ഇപ്പോഴും പ്രവർത്തിക്കുകയല്ലേ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനത്തിന് വിധേയമായാണ് ഒരു പഞ്ചായത്തിലെ സ്ഥാപനം പ്രവർത്തിക്കുന്നതെങ്കിൽ ഇങ്ങനെ അനധികൃത ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുമോ? പ്ലാച്ചിമടയിലെ കൊക്കകോള ഫാക്ടറി.....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, 23 ചന്ദന ഫാക്ടറികൾ പണ്ട് പ്രവർത്തിച്ചിരുന്നത് പൂട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തു. അതുസംബന്ധിച്ച ഹൈക്കോടതി വിധിയും നിലവിലുണ്ട്. അതെല്ലാം ഇവിടെ പല പ്രാവശ്യം ചർച്ച ചെയ്ത് പോയതാണ്. അതിനുശേഷം റെക്കോർഡിൽ വരുത്തുന്നതിനുമാത്രമായി ഇങ്ങനെ ഇല്ലാത്ത കാര്യംപറയുന്നത് ദയവായി രേഖയിൽ ഉണ്ടാകരുത് എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട മന്ത്രി ഈ രീതിയിൽ സംസാരിച്ചത് മോശമായിപ്പോയി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചന്ദന ഫാക്ടറികൾ പൂട്ടി എന്നുപറഞ്ഞിട്ട് വളരെ വ്യക്തമായി പൂട്ടിക്കിടന്ന ചന്ദനഫാക്ടറിക്കകത്ത് കയറി റെയ്ഡ് നടത്തിയപ്പോൾ സുഖമായി ചന്ദനവാറ്റ് നടക്കുകയാണ്. ഈ സംസ്ഥാനത്ത് തെളിയിക്കപ്പെട്ട കാര്യമാണ് അത്. മാസങ്ങളായില്ല. മന്ത്രി പിന്നെ എന്തിനാണ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത്?

മി. സ്പീക്കർ: യെസ്..... സാജു പോൾ,

ശ്രീ. സാജു പോൾ: ഞാൻ ഇവിടെ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യത്തെ സംബന്ധിച്ചാണ്. ഞാൻ വേറൊരു വിവാദമുണ്ടാക്കാൻ വേണ്ടി പറഞ്ഞതല്ല. ചന്ദന ഫാക്ടറികൾ കേരളത്തിൽ ഇപ്പോഴും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുയെന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിൽ സംഘടിപ്പിക്കപ്പെട്ട ചന്ദന സംരക്ഷണ ജാഥയുടെ ഭാഗമായി പെരുമ്പാവൂരിൽ വന്നപ്പോൾ ബഹുമാന്യയായ സുഗതകുമാരിയും ആ ജാഥയുടെ ക്യാപ്റ്റന്മാരിൽ ഒരാളായ ശ്രീ. ജോൺ പെരുവന്താനവും പെരുമ്പാവൂരിൽ എന്റെ സാന്നിദ്ധ്യത്തിൽ പ്രസംഗിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. അല്ലാതെ വെറുതെ പ്രഖ്യാപിക്കുന്നതല്ല. ചന്ദനം, ചന്ദനം എന്നു കേൾക്കുമ്പോൾ മുസ്ലീം ലീഗിലെ ആളുകൾ എന്തിനാണ് കോഴി കട്ടവൻ ആരാണെന്ന് ചോദിച്ചപ്പോൾ മറ്റേ രീതിയിൽ പറയുന്ന രീതിയിൽ ചാടുന്നത്? ഞാൻ ഒരു പ്രകോപനത്തിനും പറഞ്ഞതല്ല. അതുപോലെ തന്നെ കേരളത്തിൽ ..... (ബഹളം) .....

ശ്രീ. ചെർക്കളം അബ്ദുള്ള: എല്ലാവരും ഇവരെപ്പോലെയാണെന്ന് ധരിച്ചതുകൊണ്ടാണ്. ഏത് ചന്ദന ഫാക്ടറികളോട് ആണ് കാശ് വാങ്ങാത്ത ..... നേതാക്കന്മാരുള്ളത്? ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: ഞാൻ വഴങ്ങിയിട്ടില്ല. അവിടെ മൈക്ക് ഓൺ ചെയ്ത് വച്ചിരിക്കുന്നത് എന്തിനാണ്? .....(ബഹളം).....

മി. സ്പീക്കർ: Please take your seat.

.....(ബഹളം).....

ശ്രീ. സാജു പോൾ: ഞാൻ കൃശഗാത്രനായ ഒരു പാവം ചെറുപ്പക്കാരനാണ്. ഈ മാംസഗോപുര ശരീരികളോട് ഏറ്റുമുട്ടാൻ എനിക്ക് ആരോഗ്യമില്ല. അതുകൊണ്ട് എനിക്ക് സംരക്ഷണം തരണം ..... (ബഹളം) ..... ഞാൻ ഒരു അനാവശ്യവും പറഞ്ഞില്ല. പഞ്ചായത്ത് അതിർത്തിയിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ.....(ബഹളം).....ഞാൻ ഒന്നും പറഞ്ഞില്ല. .....(ബഹളം).....എന്റെ നാട്ടിൽ പണ്ട് ഒരാളിനോട് കോഴി കട്ടവൻ ആരാണെന്ന് ചോദിച്ചപ്പോൾ അത് നിന്റെ അപ്പനാണെന്ന് പറഞ്ഞതിനെക്കുറിച്ച് കേട്ടിട്ടുണ്ട്. എന്തിനാണ് ചന്ദനം എന്നുപറയുമ്പോൾ ഇങ്ങനെ കിടന്ന് ചാടുന്നത്? ഞാൻ ദുരുദ്ദേശം വച്ച് പറഞ്ഞതല്ല. ഇന്ന് ചർച്ചകൾ അവസാനിപ്പിച്ച് നമുക്ക് സമാധാനപരമായി പിരിഞ്ഞുപോകേണ്ടതാണ്. ഞാൻ പറഞ്ഞത് ചന്ദന ഫാക്ടറികൾ കേരളത്തിൽ നിർത്തലാക്കാൻ കഴിയുന്നില്ല ..... (ബഹളം) .....

മി. സ്പീക്കർ: പ്ലീസ്,..... (ബഹളം)..... ഇനി മാഷിന്റെ സംഭാവന വേണ്ട.

ശ്രീ. സാജു പോൾ: ഈ ചന്ദനമരം ഒരു പ്രധാന വൃക്ഷം അല്ലെങ്കിൽ കേരള വനംവകുപ്പിന്റെ നേതൃത്വത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഭാവനയിൽ വിരിഞ്ഞ ചന്ദന സംരക്ഷണ ജാഥ ശ്രീ. പി. ടി. തോമസും ശ്രീ. എ. കെ. മണിയും ഉൾപ്പെടെയുള്ളവർ നടത്തിയത് എന്തിനാണ്?

മി. സ്പീക്കർ: ശ്രീ. സാജു പോൾ, ബില്ലിലേക്ക് വരൂ.

ശ്രീ. സാജു പോൾ: ഗവൺമെന്റിന്റെ സദുദ്ദേശത്തെ ഞാൻ അംഗീകരിക്കുന്നു. നമ്മൾ രോഗത്തെ ചികിത്സിക്കണം. രോഗലക്ഷണത്തെ അല്ല ചികിത്സിക്കേണ്ടത്. കേളത്തിൽ ചന്ദന ഫാക്ടറികൾ ഇല്ലെങ്കിൽ ചന്ദനമരം മുറിക്കുകയില്ല എന്ന സദുദ്ദേശം വച്ചുകൊണ്ടാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ചന്ദന സംരക്ഷണ ജാഥ നടത്തിയത്. പക്ഷേ ആ ജാഥ നടത്തിയത് ഞങ്ങൾ അംഗീകരിക്കുന്നില്ല എന്നാണ് ഇപ്പോൾ ഇവിടെ ചില ആളുകൾ പറയുന്നതിൽ നിന്ന് എനിക്ക് മനസ്സിലാകുന്നത്. അല്ലെങ്കിൽ എന്താണ്? ..... (ബഹളം).....

മി. സ്പീക്കർ: ജാഥയല്ല പ്രശ്നം, ബില്ലിലേക്ക് വരൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: ഇവർ പറയുന്നത് എന്തു തന്നെയാണെങ്കിലും അത് വഴിതിരിച്ചുവിടാൻ ഞങ്ങൾക്കും കഴിയുമെന്ന് മനസ്സിലായില്ലേ? ഇത് ആര്യാടനും ഒരു എം. എം. ഹസ്സനും മാത്രം കഴിയുന്ന കാര്യമല്ല. ഇത് വേണ്ടിവന്നാൽ ഞങ്ങൾക്കും കഴിയും. അത് മനസ്സിലാക്കാൻ വേണ്ടിയാണ്. ആ വിഷയം വിട്ടു. ചന്ദനമുട്ടിയുടെ പുറകിൽ നിന്ന് മാറാത്ത നിങ്ങളുടെ മുന്നിൽ നിന്ന് ഞാൻ സാഷ്ടാംഗപ്രണാമം നടത്തി പിൻവാങ്ങിയിരിക്കുന്നു. അവസരം നിങ്ങൾ എടുത്തോളൂ.

മി. സ്പീക്കർ: ബില്ലിലേക്ക് വരൂ.

ശ്രീ. സാജു പോൾ: ഞാൻ ബില്ലിലേക്ക് വരികയാണ്. അതുപോലെ തന്നെയല്ലേ പ്ലാച്ചിമടയുടെ കാര്യവും? പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശം അംഗീകരിച്ചോ? ഇതു തന്നെയാണ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സത്യം പറഞ്ഞാൽ അങ്ങ് വിഷയം മാറിമാറി ഈ ബില്ലിനെ കൊല്ലരുത്. ബിൽ ബില്ലിന്റെ രൂപത്തിൽ തന്നെ പോകട്ടെ. അതിനെ കൊല്ലരുതേ. ഞങ്ങളുടെ ജാഥയിൽ ശ്രീ. സാജു പോൾ പങ്കെടുത്ത് പ്രസംഗിച്ചതാണ്. ശ്രീ. കളത്തിൽ അബ്ദുള്ള വളരെ സജീവമായി ആ പ്രദേശത്ത് നേതൃത്വം കൊടുത്ത ആളാണ്. ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തും ഉള്ള പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച വികാരത്തോട് യോജിക്കുന്ന എല്ലാവരും സംബന്ധിച്ചിട്ടുണ്ട്. പക്ഷേ ഇത് പരസ്പരം കുറ്റപ്പെടുത്തി ചന്ദനം മോഷ്ടിക്കുന്നവർക്ക് പ്രേരണ കൊടുക്കുന്ന രൂപത്തിലേക്ക് ദുസ്സൂചനയോടുകൂടി പോകരുത്. അത്രയേയുള്ളൂ.

ശ്രീ. സാജു പോൾ: ഞാൻ കേരളത്തിൽ അടുത്തകാലത്ത് വളരെ വിവാദമായിത്തീർന്ന ചില പ്രശ്നങ്ങളിൽ .....(ബഹളം).....ബില്ലിന്റെ കാര്യമാണ് പറഞ്ഞത്..... (ബഹളം) .....

ശ്രീ. എം. വി. ജയരാജൻ: സർ, ബഹുമാനപ്പെട്ട സാജു പോൾ പറയുന്നത് ഈ ബില്ലിലേക്കുള്ള കാര്യങ്ങളാണ്. ചന്ദനം എന്നുപറഞ്ഞാൽ ലീഗിന്റെ പര്യായ വാക്ക് അല്ല. അതുകൊണ്ട് ചന്ദനം ഇനി ലീഗിന് വിട്ടുകൊടുത്ത് അങ്ങ് ബില്ലിലേക്ക് വരൂ. അപ്പോൾ അതങ്ങ് മാറും. ചന്ദനം അവർക്ക് വിട്ടുകൊടുക്കൂ.

ശ്രീ. സാജു പോൾ: ഞാൻ പറഞ്ഞത് ഈ ബില്ലിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്രവർത്തനമേഖലയിൽ ലൈസൻസ് കൊടുക്കുന്നതിന്റെ കാലാവധി നിലവിൽ ഒരു വർഷം എന്നുള്ളത് മൂന്ന് വർഷമാക്കുന്ന ഭേദഗതിയെ ക്കുറിച്ചാണ്. അങ്ങനെ ലൈസൻസ് കൊടുത്ത് ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രണത്തിൽ നിർത്താൻ പറ്റാതെ കേരളത്തിൽ വിവാദമായിത്തീർന്ന രൂക്ഷമായ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം സൃഷ്ടിച്ച പ്രശ്നങ്ങളിൽ ഒന്നാണ് ചന്ദന ഫാക്ടറികളെ സംബന്ധിച്ച പ്രശ്നം. മറ്റൊന്നാണ് പ്ലാച്ചിമട ഫാക്ടറി. മറ്റൊന്നാണ് എറണാകുളത്ത് കുന്നത്തുനാട് പഞ്ചായത്തിൽ പ്രവർത്തിച്ച അമ്യൂസ്മെന്റ് പാർക്ക്. 8 കോടി രൂപ അസസ്സ് ചെയ്തിട്ട് അവർ നൊഗോഷ്യേറ്റ് ചെയ്ത് അത് 6 കോടി രൂപയാക്കിത്തീർത്തിട്ട് അതുപോലും കൊടുക്കാതെ കോടതിയിൽ പോയി. നിരവധി ഉത്തരവുകളുണ്ടായി. നമ്മൾ ഇവിടെ നിയമം പാസ്സാക്കിയില്ലേ? ഞാൻ അത് മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. അപ്പോൾ അനന്ത കാലത്തേക്ക് ഈ ലൈസൻസ് നീട്ടിക്കൊടുക്കുന്നത്, നിലവിലുള്ള ഒരു വർഷം എന്നുള്ള കാലാവധി ദീർഘിപ്പിച്ചാൽ, ഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്തുകളുടെയും മറ്റും തീരുമാനങ്ങൾക്ക് വിരുദ്ധമായി ലൈസൻസ് പോലും ഇല്ലാതെ പ്രവർത്തിച്ചാൽ പഞ്ചായത്ത് ഭരണസമിതിക്ക് എന്ത് ചെയ്യാൻ പറ്റും? ലൈസൻസ് പോലും ഇല്ലാതെ ഇപ്പോൾ എല്ലായിടത്തും പ്രവർത്തിക്കുകയാണ്. ഈ നിയമത്തിന് അനുബന്ധമായി നിയമം നടപ്പാക്കുന്നതിന് കുറേക്കൂടി പിൻബലം ലഭിക്കത്തക്കവിധത്തിൽ കേരളത്തിൽ ബിൽഡിംഗ് റൂൾ ഇന്ന് പല പഞ്ചായത്തുകളിലും നടപ്പാക്കുന്നില്ല. ബിൽഡിംഗ് റൂൾ ഇന്ന് പലകാര്യത്തിലും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഒരു പഞ്ചായത്ത് അതിർത്തിയിൽ കെട്ടിടം പണിയുമ്പോൾ അവരവർക്ക് ഇഷ്ടമുള്ള രീതിയിൽ അത് കെട്ടിപ്പടുക്കുന്നതിന് നിലവിലുള്ള നിയമം പലർക്കും അനുകൂലസാഹചര്യം ഒരുക്കുന്നു. എറണാകുളത്ത് തന്നെ നമ്മൾ ശ്രദ്ധിച്ചാൽ അറിയാം. പല പഞ്ചനക്ഷത്ര ഹോട്ടലുകളും അല്ലെങ്കിൽ ലക്ഷ്വറി സൗകര്യങ്ങളോടുകൂടിയ ആശുപത്രികളും എറണാകുളം കോർപ്പറേഷനു വെളിയിലെ പഞ്ചായത്തുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്. എന്താണ് കാരണം? അവിടെ ബിൽഡിംഗ് റൂൾ നടപ്പാക്കാത്തതുകൊണ്ടാണ്. അപ്പോൾ ഈ നിയമങ്ങളിലൊക്കെയുള്ള പഴുതുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇനിയും ആളുകൾ മുന്നോട്ട് പോകും. ലൈസൻസ് എന്നുപറഞ്ഞാൽ നമ്മൾ മലയാള വാക്കുകൾക്ക് ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി അല്ലേ അവലംബിക്കുന്നത്? അതുപോലെ ശ്രീ. രാമലിംഗംപിള്ളയുടെ ഇംഗ്ലീഷ്-ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിൽ ഞാൻ ലൈസൻസ് എന്ന വാക്കിന്റെ അർത്ഥം പരിശോധിച്ചു. ലൈസൻസ് എന്നു പറഞ്ഞാൽ അംഗീകാരപത്രം എന്നും അല്ലെങ്കിൽ സാധാരണഗതിയിൽ ഉദ്ദേശിക്കുന്ന അർത്ഥമൊക്കെയുണ്ട്. ചില ചെറുപ്പക്കാർ നിനക്ക് പലതും കാണിക്കുന്നതിനുള്ള ലൈസൻസായി എന്ന് പറയാറില്ലേ? ആ അർത്ഥത്തിലും ദുഃസ്വാതന്ത്ര്യം, തോന്ന്യാസം, സ്വാതന്ത്ര്യ ദുർവിനിയോഗം എന്നെല്ലാമുള്ള അർത്ഥത്തിലും ലൈസൻസ് എന്ന വാക്കിന് ശ്രീ. രാമലിംഗംപിള്ളയുടെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ട്. അപ്പോൾ ലൈസൻസ് എന്നുപറയുന്നത് ഒരു വർഷം എന്നുള്ളത് മാറ്റി മൂന്ന് വർഷമാക്കിത്തീർക്കുമ്പോൾ ഈ രീതിയിലുള്ള ഒരു അവസ്ഥ കേരളത്തിലാകെ വന്നുചേരും എന്നുള്ളതുകൂടിയുണ്ട്. അപ്പോൾ ആ അവസ്ഥ വീണ്ടും നീട്ടിക്കൊടുക്കലാണ് ഈ ബില്ലിലൂടെ ചെയ്യുന്നത്. അപ്പുറത്തുള്ളവർ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

കേട്ടാൽ ഭൂരിപക്ഷം ഉള്ളതുകൊണ്ടും ഇവിടെയാകെ ചിറകടിച്ച് പലതരം ആഗ്രഹങ്ങൾ അല്ലെങ്കിൽ ഉയർന്നതരത്തിലുള്ള ഒരുപാട് സ്വപ്നങ്ങളൊക്കെ ചിറകടിച്ച് പൊന്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായുള്ള പല രാഷ്ട്രീയ പ്രേരിതമായ പ്രഖ്യാപനങ്ങളും അപ്പുറത്തുള്ളവർ നടത്തിയിരുന്നു. ഞാൻ അതിലേക്കൊന്നും പോകുന്നില്ല. പക്ഷേ, ഒരു ചെറിയ ഉദാഹരണം മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ചിലരെല്ലാം ഈശ്വരനെപ്പോലെ ആരാധിക്കുന്ന നാഗത്താന്മാർ ഉണ്ടല്ലോ? പാമ്പ് എന്നുപറയുന്ന ആ ജീവിയെ തല്ലിക്കൊന്ന് അത് ചത്തു എന്ന് ഉറപ്പുവരുത്തിയശേഷം അഞ്ച് മിനിട്ട് കഴിഞ്ഞ് കുറച്ച് പെട്രോളോ മണ്ണെണ്ണയോ അതിന്റെ പുറത്തേക്ക് ഒഴിക്കുകയാണെങ്കിൽ വിണ്ടും ഒരു പത്ത് അടി കൂടി അത് ഓടും. എന്നിട്ടേ അവിടെ കിടക്കുകയുള്ളൂ. കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ തോറ്റ് തൊപ്പിയിട്ട് നിലംപരിശായ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഒരു പ്രൊഫഷണൽ പ്രസിഡന്റിനെ കൊണ്ടുവന്നപ്പോൾ കുറച്ച് മണ്ണെണ്ണ ഒഴിച്ചാൽ ചത്ത പാമ്പിന്റെ അവസ്ഥയിൽ ഒരു പത്തടി കൂടി ഓടാനുള്ള തയ്യാറെടുപ്പിലാണ്. പത്ത് മാസംകൂടി കഴിയുമ്പോൾ ആ ഓട്ടം അവസാനിപ്പിച്ച് അത് അവിടെത്തന്നെ കിടക്കുമെന്ന് ഉറപ്പിച്ചുപറഞ്ഞുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: എന്തായാലും പാമ്പ് കടിക്കാതെ നോക്കുക.

ശ്രീ. ലൂഡി ലൂയിസ് : 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*): ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. സാജു പോൾ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജു പോൾ: പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. സാജു പോൾ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ലൂഡി ലൂയിസ്, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ലൂഡി ലൂയിസ്: പ്രസ്സ് ചെയ്യുന്നില്ല, പിൻവലിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, 73, 106 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(73) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ "ഏതൊരു ലൈസൻസിന്റെയും കാലാവധി" എന്ന വാക്കുകൾക്കു പകരം "ഏതൊരു ലൈസൻസിന്റെയോ അനുവാദത്തിന്റെയോ കാലാവധി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(106) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (5)-ൽ "മുപ്പത് ദിവസത്തിൽ കുറയാതെയും" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ചു ദിവസത്തിൽ കുറയാതെയും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, 74, 101 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(74) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ "അതിൽ ഒരു തീയതി പറയാത്തപക്ഷം അത് നൽകിയ തീയതി മുതൽ മൂന്നു വർഷം തികയുമ്പോൾ അവസാനിക്കുന്നതാണ്" എന്നതിനു പകരം "അത് നൽകിയ തീയതി മുതൽ ആ സാമ്പത്തിക വർഷം അവസാനിക്കുന്നതുവരെയുള്ള കാലത്തേക്കായിരിക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(101) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (5)-ൽ "അവസാനിക്കുന്ന തീയതിക്കുമുമ്പ് മുപ്പത് ദിവസത്തിൽ കുറയാതെയും തൊണ്ണൂറ് ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ കൊടുത്തിരിക്കേണ്ടതാണ്" എന്നതിനു പകരം "അവസാനിക്കുന്ന തീയതിക്ക് മുപ്പത് ദിവസം മുമ്പ് കൊടുത്തിരിക്കേണ്ടതാണ്" എന്നു ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 75, 86, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(75) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ "അതിൽ ഒരു തീയതി പറയാത്തപക്ഷം അതു നൽകിയ തീയതി മുതൽ മൂന്നു വർഷം തികയുമ്പോൾ അവസാനിക്കുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "അതിൽ ഏത് തീയതി പറഞ്ഞിരുന്നാലും, അത് നൽകിയ തീയതി മുതൽ രണ്ട് വർഷം തികയുമ്പോൾ അവസാനിക്കുന്നതാണ്" എന്ന വാക്കുകൾ ചേർക്കുക.

(86) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ "മൂന്ന് വർഷം തികയുമ്പോൾ" എന്ന വാക്കുകൾക്ക് പകരം "രണ്ട് വർഷം തികയുമ്പോൾ" എന്ന വാക്കുകൾ ചേർക്കുക.

(110) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (5)-ൽ "കൊടുത്തിരിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "തീർപ്പാക്കേണ്ടതാണ്" എന്നു ചേർക്കുക.

ഇതിൽ (75)-ൽ പറയുന്നത് "ഇതിൽ പറയാത്തപക്ഷം അത് നൽകിയ തീയതി മുതൽ 3 വർഷം തികയുമ്പോൾ അവസാനിക്കുന്നു" എന്നുള്ളതു മാറ്റി "അതിൽ ഏത് തീയതി പറഞ്ഞിരുന്നാലും അത് നൽകിയ തീയതി മുതൽ രണ്ട് വർഷം തികയുമ്പോൾ മുതൽ അവസാനിക്കുന്നതായി" കരുതണമെന്നതാണ് എന്റെ ഭേദഗതി. മറ്റൊന്ന് (86)-ൽ '3 വർഷം തികയുമ്പോൾ' എന്ന വാക്കുകൾക്ക് പകരം 'രണ്ട് വർഷം' എന്നുള്ളതാണ് ഞാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 76, 113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(76) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ

(എ) "അതിൽ ഒരു തീയതി പറയാത്തപക്ഷം" എന്നീ വാക്കുകൾ ഒഴിവാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) "മൂന്നു വർഷം" എന്നതിനു പകരം "രണ്ടു വർഷം" എന്ന് ചേർക്കുക.

(113) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (5)-ന്റെ അവസാനം താഴെപ്പറയുന്നത് ചേർക്കുക:

"ഈ അപേക്ഷ ലഭിച്ചാൽ അതിന്മേൽ ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി 14 ദിവസത്തിനുള്ളിൽ തീരുമാനം എടുക്കേണ്ടതാണ്".

ശ്രീ. ബിനോയ് വിശ്വം: സർ, 79, 97, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(79) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ "മൂന്നു വർഷം തികയുമ്പോൾ" എന്നതിനു പകരം "രണ്ടു വർഷത്തിനപ്പുറത്തേക്കുകവിഞ്ഞ് കൂടാത്തതാണ്" എന്ന് മാറ്റി ചേർക്കേണ്ടതാണ്.

(97) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ 447-ാം വകുപ്പിന്റെ 5-ാം ഉപവകുപ്പിൽ "ആദ്യത്തെ തീയതിക്ക്" എന്നതിനുശേഷം "10 ദിവസം" എന്ന് കൂട്ടിച്ചേർക്കുക.

(121) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (6)-ൽ

(എ) "ദിവസത്തിനകമോ" എന്നതിനുശേഷം "സാധാരണ സാഹചര്യങ്ങളിൽ 60 ദിവസത്തിനകമോ" എന്ന് കൂട്ടിച്ചേർക്കുക.

(ബി) "ഏതെങ്കിലും വിഭാഗം സംഗതികൾ സംബന്ധിച്ച് നിർണ്ണയിക്കാവുന്ന കൂടുതൽ കാലത്തിനുള്ളിലോ" എന്നത് ഒഴിവാക്കുക.

ശ്രീ. എ. എ. അസീസ്: സർ, 80, 107 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(80) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ "അത് നൽകിയ തീയതി മുതൽ മൂന്നു വർഷം തികയുമ്പോൾ" എന്നീ വാക്കുകൾക്ക് പകരം "അത് നൽകിയ തീയതി മുതൽ 18 മാസം തികയുമ്പോൾ" എന്ന് ചേർക്കുക.

(107) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ 447-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ "മുപ്പത് ദിവസത്തിൽ കുറയാതെയും, തൊണ്ണൂറ് ദിവസത്തിൽ കവിയാതെയും" എന്നീ വാക്കുകൾക്കു പകരം "മുപ്പത് ദിവസത്തിൽ കുറയാതെയും, നാല്പത്തിയഞ്ച് ദിവസത്തിൽ കവിയാതെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, 87-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(87) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ "മൂന്നു വർഷം തികയുമ്പോൾ" എന്നീ വാക്കുകൾക്ക് പകരം "അഞ്ച് വർഷം തികയുമ്പോൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. കുമാരൻ: സർ, 88, 98 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(88) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-ൽ "മൂന്നു വർഷം തികയുമ്പോൾ അവസാനിക്കുന്നതാണ്" എന്നതിനു പകരം "രണ്ടര വർഷം കൂടുമ്പോൾ അവസാനിക്കുന്നതാണ്" എന്ന് ചേർക്കുക.

(98) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (5)-ൽ "ആദ്യത്തെ തീയതിക്കു്" എന്നതിനുശേഷം "പതിനഞ്ച് ദിവസം" എന്ന് കൂട്ടിച്ചേർക്കുക.

ശ്രീ. എം. വി. ജയരാജൻ : സർ, 95, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(95) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (4)-നുശേഷം പുതിയ ഖണ്ഡികയായി താഴെപ്പറയുന്നവ ചേർക്കുക:

"എന്നാൽ പരിസ്ഥിതിക്ക് ഭംഗം വരുത്തുന്നതോ ഭാവിയിൽ വരുത്താവുന്നതോ പരിസര മലിനീകരണം ഉണ്ടാക്കുന്നതോ ആയ ഒരു വ്യാപാരത്തിനുള്ള ഏതൊരു ലൈസൻസും, അനുവദിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും അനുമതി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്."

(124) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447 (6)-ൽ "കാലത്തിനുള്ളിലോ" എന്ന വാക്കിനുശേഷമുള്ള ഭാഗം ഒഴിവാക്കി താഴെപ്പറയുന്ന ഭാഗം ചേർക്കുക:

"ലൈസൻസ് അനുവദിച്ചുകൊണ്ടുള്ളതോ നിഷേധിച്ചുകൊണ്ടുള്ളതോ ആയ ഉത്തരവ് അപേക്ഷകനെ അറിയിക്കേണ്ടതും അപ്രകാരം അറിയിക്കാതിരുന്നാൽ അപേക്ഷകന് സെക്രട്ടറിക്ക് മുകളിലുള്ള ഏതൊരാൾക്കും അപ്പീൽ നൽകാവുന്നതുമാണ്".

95-ാം നമ്പർ ഭേദഗതിയിൽ ഞാൻ പറഞ്ഞിരിക്കുന്ന ആ ഭാഗംകൂടി ചേർക്കുന്നത് നന്നായിരിക്കുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇപ്പോൾ 447-ാം വകുപ്പായി മൂലനിയമത്തിലുള്ളത് ഏതൊരു ലൈസൻസിന്റെയും കാലാവധി അതിൽ ഒരു തീയതി പറയാത്തപക്ഷം അത് നൽകിയ തീയതി മുതൽ മൂന്ന് വർഷം തികയുമ്പോൾ അവസാനിക്കുന്നതാണെന്ന ഭേദഗതിയാണ് നമ്മൾ ചെയ്യുന്നത്. അത് രണ്ടുവർഷമായി ചുരുക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതോടൊപ്പം പരിസ്ഥിതിക്ക് ഭംഗംവരുത്തുന്നതോ ഭാവിയിൽ വരുത്താവുന്നതോ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്നതോ ആയിട്ടുള്ള വ്യാപാരത്തിനുള്ള ഏതൊരു ലൈസൻസും അനുവദിക്കുന്നതിനുമുൻപ് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും

LIBRARY ARCHIVES Kerala Legislative Assembly

അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിലവിലുള്ള ഓരോ നിയമത്തിനകത്തും അതാതു ഡിപ്പാർട്ടുമെന്റിന്റെ പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളുടെ സാങ്കേതികമായ അനുവാദത്തോടുകൂടി കൊടുക്കേണ്ടവരുടെ അനുമതിപത്രത്തിന്റെ പ്രശ്നമുണ്ട്. എങ്കിലും പഞ്ചായത്ത്രാജ് നിയമത്തിൽ വ്യക്തമായിട്ടുള്ള വ്യവസ്ഥ ഉണ്ടായിരുന്നത് നല്ലതാണ്. അത് ഇല്ലാതെയിരുന്നാൽ ഒരുപാട് പ്രശ്നങ്ങൾക്ക് ഇടയാകും. ചന്ദന ഫാക്ടറികൾക്ക് അനുവാദം കൊടുത്തതു സംബന്ധിച്ച് ഒരുപാട് തർക്കങ്ങൾ അവിടെയുണ്ട്. പഞ്ചായത്താണ് ലൈസൻസ് കൊടുത്തതെന്നു പറഞ്ഞു. യഥാർത്ഥത്തിൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പരിസ്ഥിതിമലിനീകരണം ഒഴിവാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി ലഭിച്ചുവെന്ന് ഉറപ്പ് വരുത്തണം. 105-ൽ പറയുന്നത്, നിലവിലുള്ള മൂലനിയമത്തിൽ 447 (5) ആയി കൊടുത്തിട്ടുള്ളത് ലൈസൻസ് അവസാനിക്കുന്ന തീയതിക്ക് മുൻപായി 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയുമുള്ള സമയത്തിനുള്ളിൽ കൊടുത്തിരിക്കേണ്ടതാണ് എന്നാണ്. അതിനു പകരം 30 ദിവസത്തിനുള്ളിൽ കൊടുത്തിരിക്കേണ്ടതാണെന്ന് പറയുന്നതായിരിക്കും കുറച്ചുകൂടി നല്ലത് എന്നാണ് എനിക്ക് തോന്നുന്നത്. 30 ദിവസംതന്നെ യഥാർത്ഥത്തിൽ കൂടുതലാണ്. ലൈസൻസിന് അപേക്ഷ കൊടുത്തുകഴിഞ്ഞാൽ ഇത്രയും കൂടുതൽ ദിവസം എടുക്കേണ്ടതില്ല. കമ്പ്യൂട്ടർ യുഗത്തിലാണ് നമ്മൾ ഉള്ളത്. അതുകൊണ്ട് 30 ദിവസത്തിനുള്ളിൽ കൊടുക്കേണ്ടതാണെന്നുള്ളതാണ് എന്റെ ഭേദഗതി.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(114) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പിൽ "അനുവാദത്തിനോ" എന്നതിനുശേഷം "അതു പുതുക്കുന്നതിനോ" എന്നുകൂടി ചേർക്കേണ്ടതാണ്.

എന്റെ 85-ാം നമ്പർ ഭേദഗതിപ്രകാരം രണ്ട് കൊല്ലം എന്നാക്കുന്നത് പഞ്ചായത്തുകാരുടെ വയറ്റത്തടിക്കാതിരിക്കാൻവേണ്ടിയാണ്. പഞ്ചായത്തുകാർക്ക് കാശ് കിട്ടുന്നത് ലൈസൻസിൽനിന്നാണ്. അതുകൊണ്ടാണ് ലൈസൻസ് പുതുക്കുന്ന കാലാവധി മൂന്ന് കൊല്ലത്തിനു പകരം രണ്ട് കൊല്ലം എന്നു പറഞ്ഞത്. എന്റെ 114-ാം നമ്പർ ഭേദഗതി പ്രകാരം പുതിയതായി ചേർക്കുന്ന 6-ാം ഉപവകുപ്പ് അനുസരിച്ച് ലൈസൻസിനോ അനുവാദത്തിനോ അപേക്ഷ ലഭിച്ചാൽ നിശ്ചിത ദിവസത്തിനുള്ളിൽ അത് കൊടുക്കാത്തപക്ഷം കിട്ടിയതായി പരിഗണിക്കണമെന്നുള്ളതാണ്. ലൈസൻസിനോ അല്ലെങ്കിൽ അനുവാദം പുതുക്കുന്ന കാര്യമോ ..... അതുംകൂടി ചേർത്താലേ ശരിയാകുകയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ : സർ, 120-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(120) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 447(6)-ൽ

(1) "മുപ്പത് ദിവസത്തിനകമോ" എന്നീ വാക്കുകൾക്ക് പകരം "അതത് സംഗതിപോലെ മുപ്പതോ തൊണ്ണൂറോ ദിവസത്തിനകമോ" എന്നീ വാക്കുകളും

LIBRARY ARCHIVES Kerala Legislative Assembly

(2) "കാലത്തിനുള്ളിലോ" എന്ന വാക്കിനു പകരം "അത് സംബന്ധിച്ച്" എന്ന വാക്കും

(3) "നിബന്ധനകൾക്കും വിധേയമായും" എന്നീ വാക്കുകൾക്ക് പകരം "നിബന്ധനകൾക്കും വിധേയമായി" എന്നീ വാക്കുകളും

(4) "വിധേയമായും" എന്ന വാക്കിനുശേഷം "അത്" എന്ന വാക്കും ചേർക്കുക.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: ബഹുമാനപ്പെട്ട മെമ്പർമാർ കാണിക്കുന്ന താൽപ്പര്യത്തിന് അവരെ അഭിനന്ദിക്കുകയാണ്. ഈ നിയമം കുറ്റമറ്റതാക്കിത്തീർക്കാൻവേണ്ടി അവർ പറഞ്ഞ കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട ചട്ടം ഉണ്ടാക്കുമ്പോൾ പരിഗണിക്കാം. ഇപ്പോൾ ഒരു ഭേദഗതിയും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 75-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 76-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപെടുത്തി:

അനുകൂലിക്കുന്നവർ — 16

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, ബിനോയ് വിശ്വം
4. ,, വി. കെ. ചന്ദ്രൻ
5. ,, വി. ചെന്താമരാക്ഷൻ
6. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
7. ശ്രീ. എം. വി. ജയരാജൻ
8. ,, എം. കുമാരൻ
9. ,, എ. സി. മൊയ്തീൻ
10. ,, പിരപ്പൻകോട് മുരളി
11. ,, സി. കെ. നാണു
12. ,, എം. പ്രകാശൻ മാസ്റ്റർ
13. ,, കെ. രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. കെ. പി. രാജേന്ദ്രൻ
15. ,, സാജു പോൾ
16. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ — 29

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. ബാബു
5. ,, ബാബു ദിവാകരൻ
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, എം. എം. ഹസ്സൻ
10. ,, ജോസഫ് എം. പുതുശ്ശേരി
11. ,, പി. ജെ. ജോയി
12. ,, ഉമ്മൻ ചാണ്ടി
13. ,, അടൂർ പ്രകാശ്
14. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
15. ,, കെ. കെ. നായർ
16. ,, കെ. കുട്ടി അഹമ്മദ് കുട്ടി
17. ,, ലൂഡി ലൂയിസ്
18. ,, സി. മമ്മൂട്ടി
19. ,, സി. മോയിൻ കുട്ടി
20. ,, ആര്യാടൻ മുഹമ്മദ്
21. ,, കെ. കെ. ഷാജു
22. ,, സി. എഫ്. തോമസ്
23. പ്രൊഫ. കെ. വി. തോമസ്
24. ശ്രീ. എൻ. ശക്തൻ
25. ,, വി. ഡി. സതീശൻ
26. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
27. ശ്രീ. തോമസ് ചാഴികാടൻ
28. ,, എം. എ. വാഹീദ്
29. ,, കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 16

പ്രതികൂലിക്കുന്നവർ — 29

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 75-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 76-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതിയും 16-നെതിരെ 29 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 73, 106 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 74, 101 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 86, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 79, 97, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 80, 107 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 87-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. കുമാരൻ അവതരിപ്പിച്ച 88, 98 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട്കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

Dr. Thomas Issac: Sir, I move that The Kerala Municipality (Third Amendment) Bill, 2004 as reported by the Subject Committee be circulated for obtaining public opinion.

മുനിസിപ്പാലിറ്റികൾക്ക് നികുതിയായി കിട്ടേണ്ട തുക വസൂലാക്കുന്നതിന് കാലതാമസം വന്നുകഴിഞ്ഞാൽ നിലവിലുള്ള വ്യവസ്ഥപ്രകാരം പ്രതിമാസം 2% പിഴ കൊടുക്കണം. അത് ഒരു ശതമാനമായി കുറയ്ക്കാനാണ് ഈ
3.00 P.M.] ബിൽ. കിട്ടേണ്ട തുക എന്താണ്? അതിനെപ്പറ്റി വളരെ വിപുലമായ നിർവ്വചനമാണ് നിലവിലുള്ള നിയമത്തിലുള്ളത്. സാധന വിലകൾ, നഷ്ട പ്രതിഫലങ്ങൾ, പിഴകൾ, നഷ്ടപരിഹാരങ്ങൾ, ചാർജ്ജുകൾ, ഫീസുകൾ, വാടകകൾ, അംശദായങ്ങൾ, നികുതികൾ ഇതെല്ലാംപെടും. അത് രണ്ട് ശതമാനത്തിൽനിന്ന് ഒരു ശതമാനമാക്കി കുറച്ചതിന്റെ കാരണമെന്താണ്? എനിക്ക് ഇതുവരെ മനസ്സിലായില്ല. എന്തുകൊണ്ട് കുറയ്ക്കുന്നു? നേരത്തെ